**K16U 1000**

Reg. No.: ...............................

Name : ...................................

**II Semester B.Sc.LRP/B.C.A./B.S.W. Degree (CCSS – Supple./Improve.) Examination, May 2016**
**COMMON COURSE IN MALAYALAM**
**2A 08 2 MAL : സാഹിത്യരൂപങ്ങൾ** Sahitha Roopangal
**(2012-2013 Admn.)**

Time : 3 Hours                                                                 Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം 1).                    **(4×1=4 വെയിറ്റേജ്)**

1) താഴെക്കൊടുത്തിരിക്കുന്ന കൃതികൾ ആരുടേതെന്നെഴുതുക.

എ) പരിണാമം

ബി) എന്റെ കഥ

സി) ചിദംബരം

ഡി) അഗ്നിസാക്ഷി

2) പൂരിപ്പിക്കുക.

എ) പെരുമഴക്കാലം എന്ന സിനിമയിൽ റസിയയുടെ വേഷം അഭിനയിച്ചത് ________________ ആണ്.

ബി) പെരുമഴക്കാലം എന്ന സിനിമയിൽ ദിലീപ് അവതരിപ്പിച്ച കഥാപാത്രത്തിന്റെ പേര് ________________ എന്നാണ്.

സി) ________________ ആണ് പെരുമഴക്കാലം എന്ന ചിത്രം സംവിധാനം ചെയ്തത്.

ഡി) ________________ ആണ് പെരുമഴക്കാലത്തിന്റെ തിരക്കഥാകൃത്ത്.

3) ചേരും പടി ചേർക്കുക.

| | |
|---|---|
| എ) ധർമ്മരാജാ | എ) തിരക്കഥ |
| ബി) പെരുവഴിയമ്പലം | ബി) നാടകം |
| സി) കാഞ്ചനസീത | സി) കഥ |
| ഡി) ഉണ്ണി | ഡി) നോവൽ |

P.T.O.

4) ''അങ്ങേക്കു നേടാനേ കഴിഞ്ഞിട്ടുള്ളൂ, കൈവിടാൻ കഴിഞ്ഞിട്ടില്ല''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) ആരാണ് കൈവെടിഞ്ഞത് ?

ഡി) ഏതു കൃതിയിൽ നിന്ന് ?

5) ''ഒന്നു നിർത്തണ്ണുണ്ടോ.... നാവെടുത്താൽ ഒരു തലവെട്ടണ വർത്താനം...ന്റെ കുട്ടീന്റെ വാപ്പാന്റെ തലേണ് ങ്ങളീ നാഴികക്ക് നാല്പത് വട്ടം വെട്ടിക്കളിക്കുന്നത്....''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) കുട്ടിയുടെ ബാപ്പയുടെ പേരെന്ത് ?

ഡി) ഏതു കൃതിയിൽ നിന്ന് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **1**).

**(4×1=4 വെയിറ്റേജ്)**

6) ജ്ഞാനം സുഭദ്രാദേവിയോട് സംഗീതാഭ്യാസത്തെക്കുറിച്ച് പറയുന്നതെന്ത് ?

7) ''പഴയ രീതിയിൽ സംബന്ധമല്ലാതെ ഒരു പെൺകുട്ടിയെ കല്ല്യാണം കഴിച്ച് ഇങ്ങനെ കൊണ്ടുപോകുക തറവാട്ടിൽ പുത്തരിയായിരുന്നു. ജഡ്ജിയല്ലേ. വലിയ സ്ഥിതി ആർക്കും ഒന്നും എതിരു പറയാനില്ലായിരുന്നു.'' – സന്ദർഭം വിശദീകരിക്കുക.

8) 'പെരുമഴക്കാല'ത്തിലെ നജീബ് എന്ന കഥാപാത്രത്തിന്റെ സ്വഭാവം എഴുതുക.

9) ''അവർക്കു ലങ്കയിൽ കാവൽ ജോലി കൊടുക്കാം. ഇന്ദ്രനെ കയറാൽ ബന്ധിച്ച് ഉണ്ണി ഇടനാഴികളിലൂടെ വലിച്ചിഴച്ചപ്പോൾ നമുക്കുദിച്ച ആശയമാണത്'' – രാവണന്റെ വാക്കുകൾ വിശദീകരിക്കുക.

10) 'ഇണചേർന്ന പച്ച ത്രികോണങ്ങൾ' എന്തിന്റെ സൂചനയായാണ് കഥയിൽ വരുന്നത് ?

11) ദമയന്തി തന്റെ മുറച്ചെറുക്കനായ വേണുവിനെ തിരിച്ചറിയുന്ന സന്ദർഭം വിവരിക്കുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ഏഴു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിനു ഉത്തരമെഴുതുക (വെയിറ്റേജ് **2**). **(5×2=10 വെയിറ്റേജ്)**

12) 'ലങ്കാലക്ഷ്മി' എന്ന നാടകത്തിലെ രാവണന് ഇതിഹാസ കൃതിയിലെ രാവണനിൽ നിന്നുള്ള വ്യത്യാസമെന്ത് ?

13) 'ഞാനെന്ന ഭാവ'ത്തിലെ 'കൃഷ്ണൻ കുട്ടി'യുടെ വിദ്യാഭ്യാസകാലത്തെ മാനസിക സംഘർഷം വിവരിക്കുക.

14) 'പെരുമഴക്കാല'ത്തിൽ ആവിഷ്കൃതമാകുന്ന സ്നേഹത്തിന്റെ ഭിന്ന ഭാവങ്ങൾ വിശദീകരിക്കുക.

15) നഷ്ടങ്ങളുടെ കഥയാണ് 'നഷ്ടപ്പെട്ട നീലാംബരി' – നിരീക്ഷിക്കുക.

16) മലയാളത്തിൽ ആധുനികതയുടെ വേരുറപ്പിക്കുന്നതിൽ 'മുരുകൻ എന്ന പാമ്പാട്ടി'ക്കുള്ള സ്ഥാനം വിശദീകരിക്കുക.

17) കുഞ്ഞാത്തോലിന്റേയും ഗോവിന്ദൻ കുട്ടിയുടേയും ജീവിത പരിണാമം കേരളത്തിന്റെ സാംസ്കാരിക പരിണാമം കൂടിയാണ് – പരിശോധിക്കുക.

18) അഭയാർത്ഥികളായിത്തീരുന്ന മനുഷ്യരുടെ ജീവിതാവസ്ഥ 'വാസ്തുഹാരാ'യിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **4**). **(3×4=12 വെയിറ്റേജ്)**

19) 'ക്ഷമയും സ്നേഹവും കൊണ്ട് അസാദ്ധ്യമെന്ന് തോന്നുന്ന പലതും നേടാനാവുമെന്ന പാഠമാണ് പെരുമഴക്കാലത്തിന്റെ സന്ദേശം – പരിശോധിക്കുക.

20) 'ലങ്കാലക്ഷ്മി'യെ മുൻനിർത്തി സി. എന്നിന്റെ നാടക സങ്കല്പം വിശദീകരിക്കുക.

21) കഥാപാത്രങ്ങളുടെ മാനസിക ഭാവങ്ങളുടെ കഥ തന്നെയാണ് 'ഞാനെന്ന ഭാവ'ത്തിന്റെ അന്തർധാര – നിരീക്ഷിക്കുക.

22) 'നഷ്ടപ്പെട്ട നീലാംബരി' എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകതകൾ എഴുതുക.

23) 'മനുഷ്യപുത്രി' എന്ന കഥയെ അടിസ്ഥാനമാക്കി നമ്പൂതിരി സമുദായത്തിനു വന്ന അപചയത്തിന്റെ ചരിത്രം രചിക്കുക.

______________

K16U 0996

Reg. No.: ..............................

Name : ..................................

**II Semester B.A./B.Sc. Degree (CCSS – Supple./Improve.) Examination, May 2016**
**COMMON COURSE IN MALAYALAM**
**2A 08 MAL : സാഹിത്യവും സംസ്കാരവും** Sahithyavum Samskaravum
**(2012/2013 Admn.)**

Time : 3 Hours | Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **(ഓരോ വിഭാഗത്തിന്റെയും മൂല്യം 1)** **(4×1=4 വെയിറ്റേജ്)**

1) ചേരുംപടി ചേർക്കുക.

| | |
|---|---|
| എ) കാടെവിടെ മക്കളേ | എ) ഇടശ്ശേരി |
| ബി) കുറ്റിപ്പുറം പാലം | ബി) കടമ്മനിട്ട |
| സി) കിരാതവൃത്തം | സി) ഒ. വി. വിജയൻ |
| ഡി) മധുരം ഗായതി | ഡി) അയ്യപ്പപ്പണിക്കർ |

2) പൂരിപ്പിക്കുക.

എ) വനപ്രദേശം ചേർന്ന തിണയ്ക്ക് ________ എന്നു പറയുന്നു.

ബി) ________ തിണ മലയും മലയോരപ്രദേശങ്ങളും ചേർന്ന പ്രദേശമാണ്.

സി) പാലൈ എന്ന തിണ ________ കലർന്ന പ്രദേശമാണ്.

ഡി) ഇന്ദ്രൻ ദേവതയായ നിലമാണ് ________

P.T.O.

3) ശരിയുത്തരം എടുത്തെഴുതുക.

എ) കേരളത്തിലെ ഏറ്റവും പ്രാചീനമായ ലിപിയേത് ?

(വട്ടെഴുത്ത്, ആര്യ എഴുത്ത്, ഗ്രന്ഥലിപി, ബ്രാഹ്മി)

ബി) തെക്കേ ഇന്ത്യയിൽ ബ്രാഹ്മണർ ഉപയോഗിച്ചിരുന്ന ലിപിയേത് ?

(വട്ടെഴുത്ത്, ആര്യ എഴുത്ത്, നാനം മോനം, ബ്രാഹ്മി)

സി) രാമായണ ചമ്പു എഴുതിയതാര് ?

(പുനം നമ്പൂതിരി, മഴമംഗലം, കേരളവർമ്മ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

ഡി) 'കേരള വ്യാസൻ' എന്നറിയപ്പെടുന്നതാരെ ?

(രാജരാജവർമ്മ, ഉള്ളൂർ, കേരളവർമ്മ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

4) പൂരിപ്പിക്കുക.

എ) വൈലോപ്പിള്ളിയുടെ കവിതകളിലെ പ്രകൃതി കാടല്ല ________ ആണ്.

ബി) മഴയല്ല ________ ആണ് വൈലോപ്പിള്ളിക്കിഷ്ടം.

സി) 'ഇന്ദുലേഖ' പ്രസിദ്ധീകരിച്ചത് ________ വർഷത്തിലാണ്.

ഡി) 'രാമരാജബഹദൂർ' എഴുതിയത് ________ ആണ്.

5) ''ഇപ്പം ഏതായാലും വിളിക്കണ്ട. ഇവരെ അച്ഛൻ വരട്ടെ. അനന്തേട്ടൻ കൊറച്ച് കയിഞ്ഞിറ്റ് വാ.''

എ) ആരുടെ വാക്കുകൾ ?

ബി) ആരെക്കാണാനാണ് അനന്തൻ എത്തിയത് ?

സി) എന്ത് പറയാനാണ് എത്തിയത് ?

ഡി) ഈ കൃതി ആരാണെഴുതിയത് ?

**(4×1=4 വെയിറ്റേജ്)**

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് 1)

6) കാവ് സംസ്ക്കാരത്തെക്കുറിച്ച് കുറിപ്പെഴുതുക.

7) ''നാം മനുഷ്യന്റെ ജീവിതത്തെ Man Power ആക്കി. മൃഗങ്ങളുടെ ജീവിതത്തെ Horse Power ആക്കി'' – സൂചിത സാമൂഹികാവസ്ഥയെന്ത് ?

8) 'പാശ്ചാത്യലോകത്ത് ഉദയം ചെയ്തതും ഇന്നു ലോകമാകെ പരന്നു കഴിഞ്ഞതുമായ' പരിഷ്കാരത്തിന്റെ പ്രകൃതിവീക്ഷണം എന്ത് ?

9) കുഞ്ചൻ നമ്പ്യാരുടെ സാഹിത്യസംഭാവനകളെക്കുറിച്ച് കുറിപ്പെഴുതുക.

10) ''ദ്രോണാചാര്യരെ നിന്റെ സൈന്യം കാലപുരിക്കയച്ചതുപോലെ.'' – സന്ദർഭം വിശദീകരിച്ച് സൂചിതമെഴുതുക.

11) ''അപ്പേട്ടന്റെ കാര്യം വിചാരിക്കുമ്പോ ... ഒരു സമാധാനോം ഇല്ല. ഞാനൊന്ന് പോയി നോക്കിയാലോ'' – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ഏഴു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് 2) **(5×2=10 വെയിറ്റേജ്)**

12) 'നിങ്ങളുടെ കുഞ്ഞിനെ സ്നേഹം കൊണ്ട് പൊതിയുക എന്നതിന്റെ വ്യാവസായിക അർത്ഥം നിങ്ങൾ നിങ്ങളുടെ കുഞ്ഞിനെ ഒരു പ്രത്യേക പേരുള്ള പൗഡർകൊണ്ട് പൊതിയുക എന്നാണ്' – സാമൂഹികവും സാംസ്കാരികവുമായ സൂചനകൾ ചർച്ച ചെയ്യുക.

13) ''പരിഷ്കൃതിയാൽ ക്ഷതപ്പെടുത്തപ്പെട്ട പ്രകൃതിയെ മറ്റൊരു കാഴ്ചപ്പാടിൽ കാണുന്ന യത്നമാണ് എൺപതുകളിലുടനീളം മലയാള കവിതയിലും നോവലിലും കണ്ടത്'' – വിശദീകരിക്കുക.

14) 'പുറത്തിണകൾ' – വിശദീകരിക്കുക.

15) ആധുനിക കവിതയെക്കുറിച്ച് ഉപന്യസിക്കുക.

16) നമ്മുടെ ആശയപ്രപഞ്ചത്തെക്കുറിച്ചുള്ള കെ. എൻ. ഗണേശിന്റെ സങ്കല്പം വിശദീകരിക്കുക.

17) 'ആണ്ടുബലി' എന്ന നാടകത്തിലെ പുരാതന/സമകാലിക സ്ത്രീകഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

18) 'നെയ്ത്തുകാരനി'ൽ ആവിഷ്കരിക്കുന്ന സാംസ്കാരിക പരിസരം വ്യക്തമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് 4) **(3×4=12 വെയിറ്റേജ്)**

19) പ്രതിബോധത്തിന്റെ സൗന്ദര്യശാസ്ത്രം – വിശദീകരിക്കുക.

20) തിണസങ്കല്പനത്തിലെ പാരിസ്ഥിതികാവബോധം ചർച്ച ചെയ്യുക.

21) കേരളവും സംസ്കൃതസാഹിത്യവും തമ്മിലുള്ള ബന്ധം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുക.

22) 'യുദ്ധത്തിന്റെ അന്തസ്സാരശൂന്യത ആവിഷ്കരിക്കുന്ന നാടകമാണ് ആണ്ടുബലി' – പരിശോധിക്കുക.

23) 'നെയ്ത്തുകാരനി'ലെ ആഖ്യാനചാതുരി വിശദീകരിക്കുക.

---